# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാര്‍ച്ച് 23, തിങ്കള്‍

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--30]**

മറുപടി നല്‍കുന്ന മന്ത്രിമാര്‍

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി

### പഴങ്ങളും പച്ചക്കറികളും പരിശോധിക്കാന്‍ ലാബുകള്‍

*271. ശ്രീ.കെ.രാജു

,, പി.തിലോത്തമന്‍

,, വി.ശശി

,, ചിറ്റയം ഗോപകുമാര്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അന്യ സംസ്ഥാനങ്ങളില്‍ നിന്നും വരുന്ന പഴങ്ങളും പച്ചക്കറികളും പരിശോധിക്കാന്‍ ലാബുകള്‍ സ്ഥാപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷന്‍ ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കില്‍ പ്രസ്തുത ഉത്തരവ് വന്നതിനുശേഷം ഇതിനായി സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

### സാംസ്കാരിക പ്രവര്‍ത്തക ക്ഷേമനിധി ബോര്‍ഡ്.

*272. ശ്രീ.ജി.സുധാകരന്‍

,, പി.ശ്രീരാമകൃഷ്ണന്‍

,, പുരുഷന്‍ കടലുണ്ടി

,, എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ക്ഷേമനിധി ബോർഡിൽ നിന്നും നൽകിവരുന്ന പെൻഷനുകൾ കൃത്യമായി വിതരണം ചെയ്യപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) പെൻഷൻ ഫണ്ടിന്റെ വരുമാനസ്രോതസ്സ് ഏതെല്ലാം; ഇതിൽ ഏതെങ്കിലും വരുമാന സ്രോതസ്സ് നിലച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കാമോ ;

(ഡി) ഇതുമൂലം എന്തെങ്കിലും പ്രതിസന്ധി ഉടലെടുത്തിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ?

## <u>ഹൈടെക് കൃഷിരീതി</u>

*273. ശ്രീ.കെ.എൻ.എ.ഖാദർ

,, പി.ഉബൈദുള്ള

,, എൻ. ഷംസുദ്ദീൻ

,, പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയ്ക്ക് നൽകുന്ന പ്രാധാന്യത്തിനനുസൃതമായ വളർച്ച ഉണ്ടാകാതിരിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഹൈടെക് കൃഷിരീതി മൂലം കാർഷിക മേഖലയിൽ എന്തൊക്കെ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ;

(സി) എത്ര കർഷകരെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

## <u>ഗ്രാമവികസനത്തിനായി നടപ്പാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

*274. ശ്രീ.ഇ.പി.ജയരാജൻ

,, സി.രവീന്ദ്രനാഥ്

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കപ്പെടുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് സി.&എ.ജി. യുടെ 2014 ലെ 5-ാം റിപ്പോർട്ടിലെ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതുപോലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, എൻ.ആർ.എൽ.എം. എന്നീ പദ്ധതികളിൽ പണം ചെലവാക്കപ്പെടാതെ കിടക്കുന്നതിനുള്ള കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഫണ്ട് ചെലവഴിക്കപ്പെടാത്തതായ മുൻസ്ഥിതിയിൽ നിന്നും എന്തെങ്കിലും ഗുണപരമായ മാറ്റം ഇപ്പോൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## സംയോജിത ശിശുവികസന പരിപാടി

*275. ശ്രീ.വി.എസ്.സുനിൽ കുമാർ

,, മുല്ലക്കര രത്നാകരൻ

ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ശിശുവികസന പരിപാടിയിലൂടെ എന്തെല്ലാമാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആറു വയസ്സിനു താഴെയുള്ള എത്ര ശതമാനം കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ദളിത്-ആദിവാസി-മത്സ്യബന്ധന വിഭാഗത്തിലെ കുട്ടികളിലാണ് ഏറ്റവും കൂടുതൽ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നതെന്ന് പഠന റിപ്പോർട്ടുകളിലുണ്ടോ;എങ്കിൽ വിശദമാക്കുമോ?

(ഡി) സംയോജിത ശിശുവികസന പദ്ധതി വ്യാപകവും സാർവ്വത്രികവുമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

*276. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

ഡോ.എൻ. ജയരാജ്

ശ്രീ.റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും

ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ രൂപീകരണത്തിനുശേഷം ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാർ, പൊതുമേഖലാ സർവ്വീസുകളിൽ ന്യൂനപക്ഷ തൊഴിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട സംസ്ഥാന -ജില്ല തലത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ആഗോള പ്രവാസി മലയാളി സംഗമം</u>

*277. ശ്രീ.സി.പി.മുഹമ്മദ്

,, എം.എ. വാഹീദ്

,, പി.എ.മാധവൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഗോള പ്രവാസി മലയാളി സംഗമം സംഘടിപ്പിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ;

(ബി) സംഗമത്തിൽ സംസ്ഥാനം എന്തെല്ലാം കാര്യങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംഗമത്തിൽ എന്തെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംഗമത്തിൽ നടന്ന ചർച്ചകളിന്മേൽ എന്തെല്ലാം തുടർനടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാനദണ്ഡങ്ങൾ</u>

*278. ശ്രീ.വി.ശശി

,, വി.എസ്.സുനിൽ കുമാർ

,, കെ.അജിത്

ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും

ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ആസൂത്രണ കമ്മീഷന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ബ്ലോക്കുകളെ പിന്നോക്ക ബ്ലോക്കുകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എല്ലാ ബ്ലോക്കുകളിലും നിലനിറുത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ജെൻഡർ പാർക്കുകൾ</u>

*279. ശ്രീ.ആർ . സെൽവരാജ്

,, വർക്കല കഹാർ

,, അൻവർ സാദത്ത്

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സർവ്വതോൻമുഖവും സമഗ്രവുമായ പുരോഗതി ലക്ഷ്യമാക്കി ജെൻഡർ പാർക്കുകൾ തുടങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പാർക്കുകൾ മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

<u>മലയാളം മിഷൻ</u>

*280. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, ഹൈബി ഈഡൻ

,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാളം മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളും ഭാഷാപഠനത്തിന്റെ മാർഗ്ഗരേഖ ഉൾ പ്പെടെയുള്ള

കാര്യങ്ങളും ക്രോഡീകരിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുമോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് സമിതിയുടെ പഠനവിഷയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

## കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി നിരക്ക്

*281. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, ഇ.പി.ജയരാജൻ

,, പി.ടി.എ. റഹീം

,, എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ വൈദ്യുതി നിരക്ക് കുത്തനെ വർദ്ധിപ്പിച്ച നടപടി കർഷക സമൂഹത്തെ എത്തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാർഷിക മേഖലയിൽ ഊർജ്ജത്തിന്റെ ആവശ്യകത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധനയിൽ നിന്നും പിന്തിരിയാൻ കൃഷി വകുപ്പ് സമ്മർദ്ദം ചെലുത്തുമോ;

(സി) ഇല്ലെങ്കിൽ കർഷകർക്ക് ഈയിനത്തിൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം

*282. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീമതി.കെ.കെ.ലതിക

ശ്രീ.കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം ചെലവഴിക്കലിൽ, 2012-13 ലാണ് ഉല്പാദന മേഖലയിൽ ഏറ്റവും കുറവ് സംഭവിച്ചതെന്ന എ.ജി. യുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉല്പാദന മേഖലയായ കൃഷി, മൃഗസംരക്ഷണം എന്നിവ തഴയപ്പെടുന്നത്

സംബന്ധിച്ച നിലപാട് അറിയിക്കാമോ;

(സി) ഈ സാഹചര്യം ഗ്രാമങ്ങളുടെ സ്വയംപര്യാപ്തതയെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉല്പാദന മേഖലയ്ക്ക് പ്രാധാന്യം നൽകുന്ന നിലയിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം മാറ്റിയെടുക്കുന്നതിന് തയ്യാറാകുമോ?

<u>ക്ഷീരോൽപ്പന്നങ്ങൾക്കുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ</u>

*283. ശ്രീ.പി.കെ.ഗുരുദാസൻ

**,,** കെ.കെ.ജയചന്ദ്രൻ

**,,** സി.കെ സദാശിവൻ

**,,** ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസിയാൻ കരാറിനെത്തുടർന്ന് 2015 ജനുവരി മുതൽ ക്ഷീരോൽപ്പന്നങ്ങൾക്കുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ നീങ്ങിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സാഹചര്യം സംസ്ഥാനത്തിന്റെ ക്ഷീരമേഖലയെ എതുവിധത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം കേന്ദ്രസർക്കാരുമായി ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ക്ഷീരമേഖലയെ സെൻസിറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്താതെ പോയിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ശ്രമിക്കുമോ?

<u>നീര ഉൽപാദന യൂണിറ്റുകൾ</u>

*284. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

**,,** കെ.കെ.നാരായണൻ

**,,** കെ. ദാസൻ

**,,** സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉൽപാദന യൂണിറ്റ് എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ ;

(ബി) നീരയ്ക്ക് ഏറെ ജനപ്രീതി ലഭിച്ച സ്ഥിതിക്ക് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) നീര ഉൽപാദനത്തിന് ഇപ്പോൾ നിലനിൽക്കുന്ന തടസ്സങ്ങൾ

എന്തൊക്കെയാണെന്ന് വ്യകതമാക്കാമോ?

<u>ഗ്രാമീണ റോഡുകളുടെ നവീകരണം</u>

*285. ശ്രീ.ബി.ഡി. ദേവസ്സി

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, സി.കൃഷ്ണൻ

,, കെ.കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നവീകരണം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയുടെ ഒന്നാം ഘട്ടത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ ഉപയോഗിച്ച ഫണ്ട് ശതമാന കണക്കിൽ ലഭ്യമാക്കാമോ;

(സി) പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി സംസ്ഥാന സർക്കാർ വിശദമായ പദ്ധതി രേഖാനിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) സമർപ്പിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

<u>മുട്ട ,പാൽ, മാംസം ഉൽപാദനത്തിൽ സ്വയം പര്യാപ്തത</u>

*286. ശ്രീ.സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ട. പാൽ, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണ്;

(സി) മൃഗാശുപത്രികൾ കേന്ദ്രീകരിച്ച്, കോഴി, ആട്, കന്നുകാലികൾ എന്നിവയെ കുറിച്ചുള്ള വിജ്ഞാന കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

<u>ജൈവവളങ്ങളുടെ ഉപയോഗവും ഗുണനിലവാര പരിശോധനയും</u>

*287. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യമുള്ള ജൈവവളങ്ങൾ അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് അവ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) മായം കലർന്ന വളങ്ങൾ ഉപയോഗിച്ച് മണ്ണിനെ വിഷലിപ്തമാക്കുന്ന സാഹചര്യം പരിശോധിക്കാൻ കർശന നടപടി സ്വീകരിക്കുമോ ;

(ഡി) ജൈവ വളങ്ങൾക്കൊപ്പം രാസമിശ്രിത വളങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

## അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ

*288. ശ്രീ.എൻ. ഷംസുദ്ദീൻ

,, പി.കെ.ബഷീർ

,, സി.മമ്മൂട്ടി

,, കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന സ്ഥാപനങ്ങളിൽ നിന്നുള്ള പാലിനെ ആശ്രയിക്കേണ്ടാത്ത സ്ഥിതിയിലേക്ക് സംസ്ഥാനത്തെ സജ്ജമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാലിന്റെ ഗുണനിലവാരവും പരിശുദ്ധിയും ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പാലിന്റെയും പാലുൽപന്നങ്ങളുടെയും പ്രതിവർഷ ഉപയോഗവും തദ്ദേശ ഉൽപാദനവും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

## നഗരവികസന പദ്ധതികൾ

*289. ശ്രീ.വർക്കല കഹാർ

,, വി.ഡി.സതീശൻ

,, ഐ.സി.ബാലകൃഷ്ണൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരവികസന പദ്ധതികൾ ഊർജ്ജിതമായി കമ്മീഷൻ ചെയ്യുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലയിലുള്ള പദ്ധതികളാണ് ഇങ്ങനെ കമ്മീഷൻ ചെയ്യപ്പെടുന്നത്; വിശദമാക്കുമോ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്;

(ഡി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ?

<u>സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി</u>

*290. ശ്രീ.ടി.എൻ. പ്രതാപൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, പാലോട് രവി

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ ?

<u>പദ്ധതി നിർവ്വഹണം</u>

*291. ശ്രീ.എം.ചന്ദ്രൻ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.രാജു എബ്രഹാം

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 2011-12 ലെ വാർഷിക പ്ലാനിൽ മാറ്റം വരുത്തിക്കൊണ്ട് പ്രഖ്യാപിച്ച മെഗാ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഇതിൽ ഏതൊക്കെ പൂർത്തീകരിക്കാൻ സാധിച്ചുവെന്നറിയിക്കാമോ;

(സി) തുടർന്ന് വന്ന വാർഷിക പ്ലാനുകളിൽ ഉൾപ്പെടുത്തുകയും എന്നാൽ നാളിതുവരെ പണി ആരംഭിക്കാൻ കഴിയാത്തതുമായ പദ്ധതികൾ അനവധി ഉണ്ടെന്ന കാര്യം അറിയാമോ; എങ്കിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പരിപാടികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം എന്താണെന്നറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ സാമ്പത്തികനില പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

" ഷീ ടോയ് ലെറ്റുകൾ "

*292. ശ്രീ.ബി.സത്യൻ

,, എളമരം കരീം

,, ആർ. രാജേഷ്

,, വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന" ഷീ ടോയ് ലെറ്റുകൾ "പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് പല ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള ഷീ ടോയ് ലെറ്റുകളിൽ പലതും നോക്കുകുത്തിയാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിലുള്ളതിനു പുറമേ പുതുതായി ഷീ ടോയ് ലെറ്റുകൾ സ്ഥാപിക്കുന്നുണ്ടോയെന്നും ഇതിന്റെ അറ്റകുറ്റപണികൾ നടത്തുന്നത് ഏത് ഏജൻസിയാണെന്നും വ്യക്തമാക്കാമോ;

(ഡി) നാളിതുവരെ സംസ്ഥാനത്ത് ഷീ ടോയ് ലെറ്റുകൾ സ്ഥാപിച്ച ഇനത്തിൽ എന്തു തുക ചെലവഴിക്കപ്പെട്ടുവെന്നതിന്റെ കണക്കും അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ കണക്കും ലഭ്യമാണോ ; എങ്കിൽ ലഭ്യമായ കണക്ക് നൽകുമോ ?

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീട്ടുകൾക്ക് വീട്ടുകരത്തിൽ ഇളവ്

*293. ശ്രീ.ഷാഫി പറമ്പിൽ

,, എ.റ്റി.ജോർജ്

,, ഹൈബി ഈഡൻ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) വീട്ട് കരത്തിൽ ഇളവനുവദിക്കുന്നത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എത്രത്തോളം സഹായകരമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത്;

## ഗ്ലോബൽ അഗ്രോ മീറ്റ്

*294. ശ്രീ.വി.പി.സജീന്ദ്രൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്ലോബൽ അഗ്രോ മീറ്റ് നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്;

(സി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടത്;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതോടനുബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത്?

## അംഗൻവാടികൾക്ക് കെട്ടിടം

*295. ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.ജി.സുധാകരൻ

,, എ.എം. ആരിഫ്

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വാടക നൽകാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഒരോ അംഗൻവാടികൾക്കും വാടകയിനത്തിൽ നിലവിൽ എന്തു തുകയാണ്

സർക്കാരിൽ നിന്നും നൽകുന്നത്; ഇത് ഇന്നത്തെ സാഹചര്യത്തിൽ പര്യാപ്തമാണോ;

(ഡി) വാടകയിനത്തിൽ അംഗൻവാടികൾക്ക് നൽകേണ്ടുന്ന തുകയിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

## അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

*296. ശ്രീ.വി.ശിവൻകുട്ടി

,, എ. പ്രദീപ്കുമാർ

,, ബാബു എം. പാലിശ്ശേരി

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിനോടുള്ള നയം വ്യക്തമാക്കാമോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; നാളിതുവരെ ഈ പദ്ധതിക്ക് അനുവദിച്ച ഫണ്ടിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) പദ്ധതി നടത്തിൽ പോരായ്മകൾ തിരുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## എൻ.ആർ.ഐ കമ്മീഷൻ

*297. ഡോ.എൻ. ജയരാജ്

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എൻ.ആർ.ഐ കമ്മീഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രവാസികൾക്ക് എന്തെല്ലാം സേവനങ്ങളാണ് ഈ കമ്മീഷനിലൂടെ ലഭ്യമാക്കാൻ

ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

<u>നികുതി ഇളവ്</u>

*298. ശ്രീ.ജെയിംസ് മാത്യു

,, എ.കെ.ബാലൻ

,, കെ.സുരേഷ് കുറുപ്പ്

,, സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന ഏതെങ്കിലും നികുതിയിൽ ഇളവ് വരുത്തുകയോ, നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ തീരുമാനങ്ങൾ ഓരോന്നും കൈക്കൊള്ളുന്നതിന് ഇടയായ സാഹചര്യം എന്തായിരുന്നു;

(സി) ഇത്തരത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് അവലോകനം നടത്തിയിരുന്നോ;വ്യക്തമാക്കാമോ;

(ഡി) ഈ തീരുമാനം മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ വരുന്ന കുറവ് നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഭക്ഷ്യോൽപ്പന്നങ്ങളിൽ കീടനാശിനികളുടെ ഉപയോഗം</u>

*299. ശ്രീ.റ്റി.യു. കുരുവിള

,, മോൻസ് ജോസഫ്

,, തോമസ് ഉണ്ണിയാടൻ

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം , പച്ചക്കറി , മറ്റ് ഭക്ഷ്യ ഉൽപ്പന്നങ്ങൾ എന്നിവയിൽ വ്യാപകമായി കീടനാശിനികൾ ഉപയോഗിക്കുന്നത് മൂലം ക്യാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജൈവ സാങ്കേതിക വിദ്യയിൽ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് കൃഷി വിജ്ഞാന കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>പഞ്ചായത്തുകളിൽ പൗരസേവനങ്ങൾ വിരൽത്തുമ്പിൽ</u>

*300. ശ്രീ.അൻവർ സാദത്ത്

,, വി.ഡി.സതീശൻ

,, പി.എ.മാധവൻ

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പൗരസേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനായി എന്തെല്ലാം സാങ്കേതിക വിദ്യകളാണ് പ്രയോജനപ്പെടുത്തുന്നത്;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇത് വഴി ജനങ്ങൾക്ക് ലഭിക്കുന്നത്;വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;വിശദമാക്കുമോ ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
15-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].